പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1191

11..02..2016 ൽ മറുപടിയ്ക്ക്.

## റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം

ചോദ്യം
ശ്രീ.വി.ശശി

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; വിശദീകരിക്കാമോ; | (എ) | 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിനു കീഴിൽ 2002-ൽ രൂപീകൃതമായ ചട്ടങ്ങളിലെ ചട്ടം 22 പ്രകാരമാണ് റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. കടവുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടും, നദീതീര വികസന പദ്ധതികൾക്കായുമാണ് ടി ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നത്. |
| (ബി) | പ്രസ്തുത ഫണ്ട് ഉപയോഗിക്കുന്നത് ഏതൊക്കെ പ്രവൃത്തികൾക്കാണ് ; വ്യക്തമാക്കാമോ; | (ബി) | 1. സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി വരുന്ന തുകകൾ<br>2. നിയമത്തിന്റെ 29-ാം വകുപ്പനുസരിച്ച് സെസ്സ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോട്ട |

| | | | |
|---|---|---|---|
| | | | കൂടി മണലിന്റെ അളവ് തിട്ടപ്പെടുത്തു-ന്നതിനുള്ള തുകകൾ<br>3. ജില്ലാ വിദഗ്ധ സമിതികളുടെയും സംസ്ഥാന ഉന്നതതല സമിതിയു-ടെയും യോഗനടപടികൾക്കും സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകു-ന്നതിനും വേണ്ടി വരുന്ന തുകകൾ.<br>4. റിവർമാനേജ്മെന്റ് ഫണ്ട് ആഡിറ്റ് ചെയ്യുന്നതിനുള്ള തുക.<br>5. അനുമതി ഇല്ലാത്ത കടവുക-ളിലെ മണൽ ഖനനം തടയുന്ന-തിനായി സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചിലവുകൾ<br>6. കടവുകളിൽ വാഹനം ഇറങ്ങാത്ത വിധം 100 മീറ്റർ അകലത്തിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചിലവുകൾ<br>7. അനധികൃത മണൽ വാരൽ തടയുന്നതിനുള്ള പട്രോളിംഗിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചിലവുകൾ<br>8. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ, സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ളതോ ആയ കാര്യങ്ങളുടെ നടത്തിപ്പിനുള്ള ചിലവുകൾ |

| | | | |
|---|---|---|---|
| | | | 9. പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവ മൂലമുണ്ടായ നാശനഷ്ടങ്ങൾ പുനസ്ഥാപിക്കു-ന്നതിലേക്കായി സർക്കാർ നട-ത്തിയതും പൂർത്തീകരിച്ചതുമായ പ്രവർത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ പ്രത്യേക നിർദ്ദേശത്തോടെയോ നല്കുന്ന ചിലവുകൾ.<br>10. ഒരു കടവിൽ നിന്ന് മണൽ കൊണ്ടു പോകുമ്പോൾ നൽകേ-ണ്ടതായ പാസ് അച്ചടിക്കുന്ന-തിനുള്ള ചിലവുകൾ<br>11. 9-ാം ഉപചട്ടത്തിന്റെ (എസ്) ഖണ്ഡത്തിന്റെ ആവശ്യത്തി-ലേയ്ക്കായി ജീവനക്കാരെ ദിവസ വേതനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 120/- രൂപാ വീതം നൽകുന്നതിനുള്ള ചിലവ്. |
| (സി) | കഴിഞ്ഞ അഞ്ചുവർഷ കാലത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ജില്ല തിരിച്ചുള്ള വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കഴിഞ്ഞ അഞ്ചുവർഷ കാലത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ജില്ല തിരിച്ചുള്ള വിനിയോഗത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത ഫണ്ട് വിനിയോഗിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലം ഏറ്റെടുത്ത | (ഡി) | നദീതീരങ്ങളിലെ പാർശ്വഭിത്തി നിർമ്മാണം, റിവർ മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | പദ്ധതികൾ ഏതെല്ലാമെന്നും നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാ-മെന്നും വെളിപ്പെടുത്താമോ; | | സെല്ലിലെ ജീവനക്കാരുടെ ശമ്പളം, ജില്ലാ വിദഗ്ധ സമിതിയുടെ യോഗ നടപടികൾക്കും അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകു-ന്നതിനും സർക്കാർ ഉത്തരവനു-സരിച്ചുള്ള വിവിധ പദ്ധതികൾക്കു-മാണ് പ്രസ്തുത ഫണ്ട് കഴിഞ്ഞ അഞ്ചുവർഷക്കാലം വിനിയോഗിച്ചത്. |
| (ഇ) | പ്രസ്തുത ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ ജില്ലയിൽ നിലവിലുണ്ട്; ഇവ എന്നു മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്താമോ? | (ഇ) | തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് 22 പ്രൊപ്പോസലുക-ളുണ്ട്. ഇതിൽ 20 എണ്ണത്തിന് സ്റ്റേറ്റ് ഹൈലവൽ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. അതിൽ 7 എണ്ണം പൂർത്തിയായിട്ടുണ്ട്. ബാക്കി പദ്ധതി-കൾ നടപ്പിലാക്കി വരുന്നതും ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം- A

| ജില്ല | റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കഴിഞ്ഞ 5 വർഷത്തെ വിനിയോഗം |
|---|---|
| തിരുവനന്തപുരം | 2,67,06,640 |
| കൊല്ലം | 6,86,32,074 |
| പത്തനംതിട്ട | 6,77,76,434 |
| കോട്ടയം | 3,24,62,295 |
| ഇടുക്കി | 5,10,40,786 |
| ആലപ്പുഴ | 1,57,29,866 |
| എറണാകുളം | 21,81,80,108 |
| തൃശ്ശൂർ | 7,67,90,953 |
| മലപ്പുറം | 12,49,81,727 |
| കോഴിക്കോട് | 14,09,60,342 |
| വയനാട് | 2,29,93,686 |
| പാലക്കാട് | 4,34,33,001 |
| കണ്ണൂർ | 10,26,39,999 |
| കാസറഗോഡ് | 4,05,43,399 |

Section officer